പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് വിതരണത്തിലെ കാലതാമസം

77 (833) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് ഏതുവർഷം വരെ നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) കൃത്യസമയത്ത് ക്രെഡിറ്റ് കാർഡ് നൽകാതിരിക്കുന്നതിന്റെ കാരണം അറിയിക്കാമോ ;

(സി) ഇതുമൂലം ജീവനക്കാർക്ക് താൽക്കാലിക വായ്പ എടുക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ക്രെഡിറ്റ് കാർഡ് തയ്യാറാക്കി നൽകണമെന്ന് ഏതെങ്കിലും കോടതിവിധിമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതുപ്രകാരം ഏതുവർഷം മുതലുള്ള ക്രെഡിറ്റ് കാർഡാണ് തയ്യാറാക്കിയതെന്നറിയിക്കാമോ ;

(എഫ്) ആയത് ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ജി) ഈ ഇനത്തിൽ പാഴ്ചെലവ് ഉണ്ടായിട്ടുണ്ടോ എന്നും എങ്കിൽ അത് എത്രയാണെന്നും അറിയിക്കാമോ ;

(എച്ച്) ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) 1998-99 വർഷം വരെയുള്ള ക്രെഡിറ്റ് കാർഡുകൾ നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചതിനെ തുടർന്ന് നിലവിലുണ്ടായിരുന്ന കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വരിക്കാരുടെ അക്കൗണ്ടുകൾ ജനറൽ പ്രൊവിഡന്റ് ഫണ്ടിലേക്ക് മാറ്റുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലുമായി ദീർഘകാലം നടന്ന എഴുത്തുകുത്തുകൾമൂലം ക്രെഡിറ്റ് കാർഡുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലായി. കൂടാതെ പഞ്ചായത്ത് ജീവനക്കാർക്ക് ജനറൽ പ്രൊവിഡന്റ് ഫണ്ട് അംഗത്വം അനുവദിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ വിസമ്മതം പ്രകടിപ്പിക്കുകയും തുടർന്ന് കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് തുടരേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു. മേൽപറഞ്ഞ കാരണങ്ങളാലാണ് ക്രെഡിറ്റ് കാർഡ് കൃത്യസമയത്ത് നൽകാൻ കഴിയാതെ വന്നത്.

(സി) ഇല്ല.

(ഡി) ഹൈക്കോടതിയുടെ ഉത്തരവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1991-92 മുതൽ 1998-99 വരെ.

(എഫ്) ഉണ്ട്. എന്നാൽ പലതിലും തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതിനാൽ അവ കുറ്റമറ്റ രീതിയിൽ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ജി) പാഴ്ചെലവുകൾ ഉണ്ടായിട്ടില്ല.

(എച്ച്) ബാധകമല്ല.

സാംസ്കാരിക നിലയം ലൈബ്രേറിയൻമാരുടെ ഓണറേറിയം

78 (834) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലുള്ള സാംസ്കാരിക നിലയം ലൈബ്രേറിയൻമാരുടെ ഓണറേറിയം ഇപ്പോൾ എത്രയാണെന്ന് അറിയിക്കാമോ ;

(ബി) ആയത് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മേല്പറഞ്ഞ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക നിലയം ലൈബ്രേറിയൻമാരുടെ ഓണറേറിയം ഇപ്പോൾ 700 രൂപയാണ്.

(ബി) ഉണ്ട്.

(സി&ഡി) പരിശോധിച്ചുവരുന്നു.

വനിതാ പ്രസിഡന്റുമാരെയും ചെയർമാൻമാരെയും മർദ്ദിച്ച സംഭവം

79 (835) ശ്രീ. വർക്കല കഹാർ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിലേയും നഗരപാലികാ സ്ഥാപനങ്ങളിലേയും വനിതാ പ്രസിഡന്റുമാരെയും ചെയർമാൻമാരെയും യോഗം ചേർന്നു കൊണ്ടിരിക്കുമ്പോൾ അംഗങ്ങളും കൗൺസിലർമാരും മർദ്ദിക്കുകയോ, അസഭ്യം പറയുകയോ ചെയ്ത എത്ര സംഭവങ്ങൾ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly